# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 89

28.05.2019-ൽ മറുപടിയ്ക്ക്

### നാം മുന്നോട്ട് പരിപാടിയുടെ നിർമ്മാണച്ചുമതല

ചോദ്യം
ശ്രീ. മോൻസ് ജോസഫ്

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) മുഖ്യമന്ത്രിയുടെ നാം മുന്നോട്ട് എന്ന പരിപാടി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്; ഇപ്പോൾ ഈ പരിപാടിയുടെ ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്; ഇത് ഓപ്പൺ ടെണ്ടർ വ്യവസ്ഥയിലൂടെയാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് നിർമ്മിക്കുന്ന 'നാം മുന്നോട്ട്' എന്ന പ്രതിവാര ടെലിവിഷൻ പരിപാടിയുടെ ആശയ രൂപീകരണം, ഏകോപനം, ചർച്ചയുടെ പാനൽ നിശ്ചയിക്കൽ, നിർമ്മാണം എന്നിവ പൂർണ്ണമായും ഐ&പി.ആർ.ഡി.യുടെ ചുമതലയിലാണ്. പരിപാടിയ്ക്കുള്ള സാങ്കേതിക സൗകര്യം ഒരുക്കിയിരുന്നത് സി-ഡിറ്റാണ്.

'നാം മുന്നോട്ടി'ൽ പങ്കെടുക്കുന്ന അതിഥികളുടെ സമയം, ഫ്ലോറിന്റെ ലഭ്യതയ്ക്കനുസരിച്ച് ക്രമപ്പെടുത്തേണ്ടി വന്ന സാഹചര്യത്തിൽ സാങ്കേതിക നിർവ്വഹണത്തിനായി തിരുവനന്തപുരം നഗരത്തിൽ ഷൂട്ടിംഗ് ഫ്ലോറും ചിത്രീകരണ സംവിധാനവും പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യവുമുള്ള ടെലിവിഷൻ ചാനലുകൾ, പ്രൊഡക്ഷൻ ഹൗസുകൾ എന്നിവരിൽ നിന്നും പത്രപരസ്യത്തിലൂടെ താൽപ്പര്യപത്രം ക്ഷണിച്ചു. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിനെ നിർമ്മാണ നിർവ്വഹണ ചുമതല ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ചുമതലയും നടത്തിപ്പും ഇപ്പോൾ ഏത് കമ്പനിക്കാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; ഈ കമ്പനിയെ ചുമതലപ്പെടുത്തുവാനുണ്ടായ സാഹചര്യം അറിയിക്കാമോ?

(ബി) സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ചുമതലയും നടത്തിപ്പും നിലവിൽ സിഫി ടെക്നോളജീസ് ലിമിറ്റഡിനാണ് നൽകിയിട്ടുള്ളത്. സർക്കാരിന്റെ കീഴിൽ രണ്ട് ഡാറ്റാ സെന്ററുകളാണ് പ്രവർത്തിച്ചു വരുന്നത്. കോ-ബാങ്ക്

ടവേഴ്സിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡാറ്റാ സെന്റർ-1 ന്റെ നടത്തിപ്പ് ചുമതല 2012 മുതൽ 2018 വരെ കെൽട്രോണിനും, ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡാറ്റാ സെന്റർ-2 ന്റെ നടത്തിപ്പ് ചുമതല 2010 മുതൽ സിഫി ടെക്നോളജീസിനുമായിരുന്നു. രണ്ട് ഡാറ്റാ സെന്ററുകളുടെയും ഓപ്പറേറ്റർമാരുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ, ഭരണ നിർവ്വഹണ സൗകര്യാർത്ഥമാണ് രണ്ട് ഡാറ്റാ സെന്ററുകൾക്കും കൂടി ഒരു പൊതു ഓപ്പറേറ്ററെ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചതും ടെണ്ടർ നടപടികളിലേയ്ക്ക് കടന്നതും . കെൽട്രോൺ, സിഫി ടെക്നോളജീസ് ലിമിറ്റഡ്, വിപ്രോ ടെക്നോളജീസ് എന്നീ കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതിക പരിശോധനയിൽ യോഗ്യത നേടിയ കമ്പനികളിൽ നിന്നും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സിഫി ടെക്നോളജീസ് ലിമിറ്റഡിന് കരാർ നൽകി.

സെക്ഷൻ ഓഫീസർ